15

# സഭയുടെ തല, ക്രിസ്തു

ഒരു സംഘം ആൺകുട്ടികൾ കടയിലേക്കു ഓടി വന്ന കഥ പറഞ്ഞു കേട്ടിട്ടുണ്ട്. കുറെ സാധനങ്ങൾ വാങ്ങിയ ശേഷം അവർ ഓടിപ്പോയി. മിനിട്ടുകൾക്കുളളിൽ അവർ കാഴ്ച്ചക്കു മറഞ്ഞു. ഏതാനും നിമിഷങ്ങൾക്കു ശേഷം, മറ്റൊരു ആൺകുട്ടി കടയിലേക്കു ഓടിവന്നു. കടയിലെ വിൽപനക്കാരനോടു അവൻ ചോദിച്ചു, "ഒരു സംഘം കുട്ടികൾ വരുന്നതു കണ്ടോ?" വിൽപനക്കാരൻ പറഞ്ഞു, "അതെ. പതിനഞ്ചു മിനിറ്റിനു മുൻപ് അവർ വന്നിരുന്നു. അവർ വളരെ തിരക്കായിരുന്നു." ആ കുട്ടി പറഞ്ഞു, "അവർ ഏതു വഴിക്കാണ് പോയത്? ഞാൻ അവരുടെ നായകനാണ്!"

നാം പലപ്പോഴും കാണപ്പെടുന്നതു പോലെയാണ് - ഈ കുട്ടിയുടെ മാതൃക. അതായതു മുൻപേ നയിക്കുന്നതിനു പകരം പുറകേ പോയി പിൻപറ്റുന്നവർക്കു എന്തു സംഭവിച്ചു എന്നറിയാതിരിക്കുക! മാനുഷിക നേതൃത്വത്തിന്റെ കുഴപ്പം ചിലപ്പോൾ അല്ലെങ്കിൽ മറ്റു സമയത്ത് അതിനു ചാപല്യവും കുറവും സംഭവിക്കുന്നു, തൽഫലമായി നിരാശയുണ്ടാകും. ആളുകൾ എപ്പോഴും ആളുകളായിത്തന്നെ പോകും.

ചിലപ്പോൾ സഭയ്ക്കു നേതൃത്വത്തിൽ ദരിദ്രാവസ്ഥ ഉണ്ടാകുമോ? സ്വർഗ്ഗത്തിലേക്കുള്ള കപ്പൽ ഓടിക്കുന്ന നായകർ മാനുഷിക ബലഹീനതക്കും പരാജയത്തിനും ഇരയായതത്രേ? ഭൂമിയിൽ നിന്നു സഭ നിത്യതയിലേക്കു യാത്ര ചെയ്യുമ്പോൾ അതിലെ അംഗങ്ങൾ മുറിഞ്ഞ വടക്കു നോക്കി യന്ത്രത്തെ ആശ്രയിച്ചാലോ?

അത്തരം ഭയത്തെ അകറ്റി ആശ്വസിപ്പിക്കുന്നതാണ് സഭയുടെ തല ക്രിസ്തുവാണെന്ന് ദൈവശ്വാസിയ വചനം ഉറപ്പിക്കുന്നത്. പൗലൊസ് എഴുതി, "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി

സഭെക്കു തലയാകുന്നതുപോലെ, ഭർത്താവു ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാരും സകലത്തിലും കീഴടങ്ങിയിരിക്കേണം" (എഫെസ്യർ 5:23-25). അവൻ സഭയുടെ തലയാകുന്നു കാരണം അതിനെ സ്നേഹിച്ചു അതിനു വേണ്ടി മരിച്ചു. അതിന്റെ വലിയ യാഗം നിമിത്തം സഭയെ നയിക്കുവാനുള്ള എല്ലാ അവകാശവും യേശുവിനുണ്ട്. "ക്രിസ്തു സഭയുടെ തലയാകുന്നു" എന്ന പദപ്രയോഗം ആഴത്തിൽ നിങ്ങളുടെ ചിന്തയിൽ വരട്ടെ. ക്രിസ്തു സഭയുടെ തലയാകുന്നു എന്നതു ക്രിസ്തുവിന്റെ സഭയിലുള്ളവർക്കു ഉറപ്പു കിട്ടുന്നത് എന്തെന്നാൽ തെറ്റിപ്പോകാതെയുള്ള സഹായം കിട്ടുമെന്ന് ഓർപ്പിക്കയാണ്. അക്രൈസ്തവർ സഭയിലേക്കു പ്രവേശിക്കുന്നതിനു അതു പ്രചോദനമേകുന്നു - അങ്ങനെ അവർ തെറ്റു പറ്റാതെ ക്രിസ്തുവിന്റെ നേതൃത്വത്തിൻ കീഴിലാകുന്നു.

അവൻ സഭയുടെ തലയായിരിക്കുന്ന രീതി പരിഗണിച്ചു "ക്രിസ്തു, സഭയുടെ തല" എന്ന, വീണ്ടും ഉറപ്പിക്കുന്ന ഈ വിഷയത്തെ നമുക്കു ധ്യാനിക്കാം.

## അധികാരത്തിൽ അവൻ തലയാകുന്നു

ആദ്യം, അധികാരത്തിൽ ക്രിസ്തു സഭയുടെ തലയാകുന്നു: അവൻ കർത്താവായി, അവന്റെ നിയമത്താൽ നമ്മെ നയിക്കുന്നു.

മരിച്ചവരിൽ നിന്ന് അവൻ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത ശേഷം, ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് ഇരുത്തി, "എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും, കർത്തൃത്വത്തിനും, സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും ചെയ്തു" (എഫെസ്യർ 1:21). ദൈവം "സകലവും അവന്റെ കാൽക്കീഴാക്കി വെച്ചു, അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന, അവന്റെ ശരീരമായ സഭെക്കു നല്കുകയും ചെയ്തിരിക്കുന്നു, ..." (എഫെസ്യർ 1:22, 23). കൊലൊസ്യ ലേഖനത്തിൽ പൗലൊസ് ഇതു ഊന്നി പറയുന്നുണ്ട്, അവൻ പറഞ്ഞു, "അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന്നു. അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു" (കൊലൊസ്യർ 1:18, 19). എബ്രായ ലേഖകൻ പറഞ്ഞതനുസരിച്ച്, ഈ അന്ത്യകാലത്ത് അഥവാ ക്രിസ്തീയ കാലത്ത് പുത്രൻ മുഖാന്തരം ആണ് സംസാരിക്കുന്നത് (എബ്രായർ 1:1, 2).

സകല നാമത്തിനും മീതെ അത്യന്തം യേശുവിനെ ഉയർത്തിയിരിക്കയാണ്, "അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശു ക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടി വരും, ..." (ഫിലിപ്പിയർ 2:10, 11). കാലം അവസാനിക്കുന്നതു വരെ യേശു സഭയുടെ തലയായി, രാജ്യത്തിന്റെ രാജാവായി വാഴും തിരുവെഴുത്തു പറയുന്നു. പിന്നെ എല്ലാ വാഴ്ച്ചക്കും, അധികാരത്തിനും, ശക്തിക്കും നീക്കം വരുത്തി അവൻ രാജ്യം പിതാവിനു ഏൽപിച്ചു കൊടുക്കും (1 കൊരിന്ത്യർ 15:23, 24).

അവന്റെ അധികാരത്തിലും തലയിൻ കീഴിലും ആയിരിക്കും യേശുവിന്റെ സഭ. കർത്താവിന്റെ സഭയിൽ ഉള്ള ആളുകൾക്കു തങ്ങളുടെ വഴി ആവശ്യപ്പെടാവുന്നതല്ല. "ഞാൻ ആദ്യം" എന്ന് യേശു കർത്താവായിരിക്കുമ്പോൾ ആർക്കും പറയാവുന്നതല്ല. ക്രിസ്ത്യാനി എടുക്കുന്ന ഓരോ തീരുമാനവും ആത്മീയമായിരിക്കണം, കർത്താവിന് അനുസൃതവുമായിരിക്കണം.

## മാതൃകയിൽ അവൻ ആകുന്നു തല

രണ്ടാമത്, മാതൃകയിൽ ക്രിസ്തു സഭയുടെ തലയാകുന്നു. ദൈവത്തെ അനുസരിക്കുന്നതിൽ അവൻ തികഞ്ഞ മാതൃകയാണ്. അവന്റെ പാപരഹിതമായ ജീവിതത്തിലാണ് അവൻ നമ്മെ നയിക്കുന്നത്.

ക്രിസ്തു പാപം ഒന്നും ചെയ്തിട്ടില്ലെന്നും, അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലായിരുന്നു എന്നും പത്രൊസ് പറഞ്ഞു. തന്നെ ശകാരിച്ചവർക്കെതിരെ, അവൻ ശകാരിച്ചില്ല. തന്നെ ഉപദ്രവിച്ചവർക്കു, നേരെ ഭീഷണിയും ഉയർത്തിയില്ല (1 പത്രൊസ് 2:21-23).

താൻ ചെയ്ത തെറ്റിനു ക്രിസ്തു ഒരിക്കലും ക്ഷമ ചോദിക്കേണ്ടി വന്നിട്ടില്ല. തെറ്റായി ഉച്ചരിച്ച ഒരു വാക്ക് അവന് ഒരിക്കലും പിൻവലിക്കേണ്ടി വന്നിട്ടില്ല. അവന്റെ ഹൃദയത്തിൽ ഒരു പാപചിന്തയും വന്നിട്ടില്ല. അവന്റെ ജീവിതത്തെ ശത്രുക്കൾ ചുഴിഞ്ഞു നോക്കിയെങ്കിലും ഒരൊറ്റ പാപവും അവനിൽ കാണാൻ കഴിഞ്ഞില്ല.

അവൻ നമ്മെ നയിക്കുവാൻ ആഗ്രഹിക്കുന്നത് - സത്യസന്ധമായി, വിശുദ്ധവും, ആദരണീയവുമായാണ് (ഫിലിപ്പിയർ 4:8). യാക്കൊബ് എഴുതി, "... പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവ

ത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചുവശീകരിക്കപ്പെടുകയാൽ ആകുന്നു" (യാക്കൊബ് 1:13, 14). നമ്മുടെ പ്രതിയോഗി ക്രിസ്തുവല്ല, പിശാചാണ്, "പരീക്ഷകൻ" എന്നു മത്തായി 4:3-ൽ പറയുന്നു. അവൻ ആരെ വിഴുങ്ങേണ്ടു എന്നു കരുതി ഊടാടി നടക്കുകയാണ് (1 പത്രൊസ് 5:8). നമ്മുടെ ബലഹീനതകളെ മുതലെടുക്കാൻ അവൻ സദാ സന്നദ്ധനാണ്.

ക്രിസ്തുവിനും നമ്മുടെ ബലഹീനതകളെ അറിയാം; നമ്മുടെ പോരാട്ടവും അവൻ മനസിലാക്കുന്നു. അവനും പരീക്ഷകനെ നേരിടേണ്ടതായി വന്നിട്ടുണ്ട്, എങ്കിലും പാപം ചെയ്തില്ല (എബ്രായർ 4:15) അവൻ നമ്മുടെ മുൻപിൽ പരീക്ഷണം വെക്കുകില്ല; പിന്നെയോ, പാപത്തിൽ നിന്നു ഒഴിഞ്ഞു മാറുവാനുള്ള വഴി അവൻ തരും, നമുക്കു തരണം ചെയ്യാൻ കഴിയാത്ത പരീക്ഷണങ്ങളൊന്നും അനുവദിക്കയുമില്ല (1 കൊരിന്ത്യർ 10:13).

സഭയുടെ അധികാരത്തിൽ പൂർണ്ണനായിരിക്കുന്നതുപോലെ സ്വഭാവത്തിലും പൂർണ്ണനാണ്. അവന്റെ സഭ അവന്റെ കൽപനകൾ കേട്ട് അവന്റെ ജീവിതം അനുകരിക്കണം. 1 യോഹന്നാൻ 2:6 പറയുന്നു, "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്ന പോലെ നടക്കേണ്ടതാകുന്നു." യേശു പ്രത്യേകതയുള്ള നായകത്വം നടത്തുന്നതുകൊണ്ട്, പൗലൊസ് മറ്റുള്ളവരോടു പറയുന്നു "- ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതു കൊണ്ട് നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ" (1 കൊരിന്ത്യർ 11:1).

ഒരു കാഴ്ചപ്പാടിൽ, ക്രിസ്തു നമ്മുടെ *തികവുള്ള* രക്ഷകനായി തീർന്നു. ദൈവമുൻപാകെ തികഞ്ഞ ജീവിതം നയിച്ച്, തികഞ്ഞ രക്ഷകനാകുവാൻ അവൻ യോഗ്യനാകുന്നതുകൊണ്ട് ദൈവത്തോട് പക്ഷവാദം കഴിപ്പാൻ യാഗമാവുകയും ചെയ്തു (മറുവില). എബ്രായ നായകൻ വാദിച്ചു, "എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവൻ ആയി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായിതീർന്നു" (എബ്രായർ 5:8, 9).

"ദി ഗ്രെയിറ്റ് സേറ്റോൺ ഫെയിസ്" എന്നൊരു കഥ നഥാനിയേൽ ഹാവ് തോൺ എഴുതി. അതു നമ്മെ ഓർമ്മിപ്പിക്കുന്നതു, നാം എന്തു കാണുന്നുവോ അതുപോലെ ആയിതീരുന്നു; നാം

ആരാധിക്കുന്നതിനെ അനുകരിക്കുന്നു. ഒരു കുന്നിന്റെ ചെരുവിൽ, മനോഹരമായ മുഖം കൊത്തിയിരുന്നു. അവിടെ നിന്നു താഴേക്കു നോക്കിയാൽ അടിച്ചമർത്തപ്പെട്ട ഒരു ഗ്രാമം കാണാമായിരുന്നു. ആ വലിയ കല്ലിൽ കൊത്തിയ മുഖം പോലെയുള്ള ഒരാൾ ഒരിക്കൽ അവരെ വിടുവിക്കുന്നതിനായി വരും എന്ന് ആ സമൂഹം വിശ്വസിച്ചിരുന്നു. ആ ഗ്രാമത്തിലെ ഒരാൺ കുട്ടി ആ കൽ മുഖത്തെ ആകാംഷയോടെ നോക്കുകയും ആഗ്രഹിക്കയും ചെയ്യുന്നു. ആ കുട്ടി ഇതിങ്ങനെ നോക്കുകയും അതിനെ ആദരിക്കയും ചെയ്ത്, യുവായി വളർന്നപ്പോൾ അയാളുടെ മുഖം ആ പ്രതിമയിലെ മുഖം പോലെയായി, ആ സമൂഹം ഉടനെ അവനെ അവരുടെ വിടുവിക്കുന്നവനായി തിരിച്ചറിഞ്ഞു,

നാം നോക്കുന്നതുപോലെ ആയി തീരും എന്നതു സഭയെ സംബന്ധിച്ചു വാസ്തവമാണ്. പൗലൊസ് പറഞ്ഞു, "എന്നാൽ, മൂടുപടം നീങ്ങിയ മുഖത്ത്, കർത്താവിന്റെ തേജസിനെ കണ്ണാടി പോലെ തേജസ്സു പ്രാപിച്ചു, അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരിന്ത്യർ 3:18).

എങ്ങനെ ജീവിക്കണമെന്നതിനു ക്രിസ്തുവിന്റെ സഭ ക്രിസ്തുവിന്റെ ജീവിതത്തെ മാതൃകയായി നോക്കും. മാതൃകയിൽ നമ്മുടെ തലയാണ് അവൻ. അതിലെ അംഗങ്ങൾ അവനെ നോക്കുക മാത്രമല്ല, അവർ അവനിലേക്കും നോക്കും (എബ്രായർ 12:2). അങ്ങനെ അവർ സഭയെ അവന്റെ തികവുള്ള ജീവിതത്തിൽ നയിക്കുന്നു.

### അവൻ സ്നേഹത്തിൽ തലയാകുന്നു.

മൂന്നാമത്, സ്നേഹിതൻ ക്രിസ്തു സഭയുടെ തലയാകുന്നു. അവൻ തന്റെ ജനത്തെ ആജ്ഞാപിച്ച് മനോഹര സ്നേഹത്തോടു കൂടി നയിക്കുന്നു.

മരിക്കുന്നതിനു തലേന്നു വൈകുന്നേരം, യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം, എന്നു പുതിയൊരു കൽപന ഞാൻ നിങ്ങൾക്കു തരുന്നു, *ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ*, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹന്നാൻ 13:34, 35; എംഫസിസ് മൈൻ). വീണ്ടും അവൻ അവരോട്, "*ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതു പോലെ*, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു,

എന്റെ കൽപന" (യോഹന്നാൻ 15:12; എംഫസിസ് മൈൻ).

ആളുകൾക്കു യേശു പ്രദർശിപ്പിച്ച സ്നേഹം അവന്റെ ശിഷ്യന്മാരെ മൂന്നു വിധത്തിലാണ് നയിക്കുന്നത്. ഒന്ന്, അവനെ *സ്നേഹിക്കുവാൻ* അതു കാരണമാകുന്നു. യോഹന്നാൻ പറഞ്ഞു, "അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ട്, നാം സ്നേഹിക്കുന്നു" (1 യോഹന്നാൻ 4:19) രണ്ട്, അവന്റെ സ്നേഹം നിമിത്തം ക്രിസ്ത്യാനികൾ *തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു.* യോഹന്നാൻ എഴുതി, "അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ, നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരങ്ങൾക്കു വേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു" (1 യോഹന്നാൻ 3:16). മൂന്ന്, അവന്റെ സ്നേഹം അവന്റെ അനുയായികൾക്കു *ദൈവേഷ്ടം ചെയ്യുന്നതിനു കാരണമാകുന്നു.* ക്രിസ്തു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, എന്റെ കൽപനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15).

യേശുവിന്റെ ഭൗമിക ശുശ്രൂഷ കണ്ട ദൂതന്മാർ, അതിശയിച്ചു കാണണം. അവന്റെ ക്രൂശിലെ മരണത്തിനു തലേന്നു, അവൻ ഒരു പാത്രം വെള്ളവും തുവർത്തും എടുത്ത്, സ്നേഹത്തോടും താഴ്മയോടും തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി! രാജാധി രാജാവ് സ്നേഹസേവനത്തിനായി തന്റെ ശിഷ്യന്മാരുടെ മുൻപിൽ മുട്ടുകുത്തി. ക്രിസ്തു മനുഷ്യനായി തീരുക മാത്രമല്ല ചെയ്തതു, മറിച്ച് മനുഷ്യരുടെ ശുശ്രൂഷകനായിരുന്നു. അവൻ മനുഷ്യ രൂപം എടുക്കുകയും ഒരു ദാസന്റെ ജീവിതം ജീവിക്കയും ചെയ്തു (ഫിലിപ്പിയർ 2:7).

ഈ സുപ്രധാന രംഗം യോഹന്നാൻ ഈ വാക്കുകളിൽ പരിചയപ്പെടുത്തുന്നുണ്ട്: "പിതാവു സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നും, താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കുന്നു" (യോഹന്നാൻ 13:3). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യേശു തന്റെ അധികാരവും, സ്ഥാനവും, ഭാവിയും, പ്രത്യേകിച്ച് ബോധ്യമായപ്പോൾ, അവൻ എളിമ ധരിച്ചു (തന്നെത്താൻ താഴ്ത്തി) ഒരു ദാസന്റെ ജീവിതത്തിനു അനുരൂപമായ ശുശ്രൂഷയിലായിട്ടാണ് അവൻ ജീവിച്ചത്. അവൻ തന്റെ പരമാധികാരവും ശക്തിയും സ്ഥാനവും ദുർവിനിയോഗം ചെയ്തില്ല. സ്നേഹത്തിൽ, തന്റെ ശിഷ്യന്മാരെ എളിമ എന്ന പാഠം പഠിപ്പിച്ചു.

സഭയുടെ തലയായി, അവൻ തന്റെ അധികാരത്തോടും

ശക്തിയോടും സ്നേഹത്തോടും കൂടെ അവൻ ശുശ്രൂഷിച്ചു! കർത്താവു എന്ന സ്ഥാനം ഉപേക്ഷിച്ചു കൊണ്ടല്ല അവൻ ശിഷ്യന്മാരുടെ കാൽ കഴുകിയത്; കർത്താവെന്ന തന്റെ സ്ഥാനം ഉപയോഗിച്ച് സേവന സന്നദ്ധത അവരിൽ വളർത്തി എടുക്കാനാണ് അവൻ അങ്ങനെ ചെയ്തത്. അവൻ അവരോട് പറഞ്ഞു, “നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ട്, നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ, ഞാൻ, നിങ്ങളുടെ കാൽ കഴുകി, എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു” (യോഹന്നാൻ 13:13-15).

സ്നേഹം എന്താണെന്നും പുസ്തകത്തിലുള്ള സ്നേഹം എങ്ങനെ പ്രദർശിപ്പിക്കണമെന്നും ഉയർന്ന നിലയിൽ കാണിച്ചിരിക്കയാണ്. തന്റെ സ്നേഹത്താലാണ് അവൻ അവന്റെ സഭയെ നയിക്കുന്നത് ക്രിസ്ത്യാനികൾ അവന്റെ സ്നേഹത്തിൽ അതിനു പ്രതികരിക്കയും അവന്റെ രൂപത്തോട് അനുരൂപപ്പെടുകയും ചെയ്യുന്നു. യോഹന്നാൻ പറഞ്ഞതിൽ അതിശയിക്കാനില്ല, “പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നു വരുന്നു സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല” (1 യോഹന്നാൻ 4:7, 8).

## ഉപസംഹാരം

അധികാരത്തിൽ, മാതൃകയിൽ, സ്നേഹത്തിൽ ശുശ്രൂഷയിൽ ക്രിസ്തു സഭയുടെ തലയാണെന്ന്, ഉറപ്പിക്കാം. അവന്റെ നേതൃത്വത്തിൽ അവൻ സഭയെ നയിക്കും, അവന്റെ തികഞ്ഞ ജീവിതം, അവന്റെ നിർബ്ബന്ധമുള്ള സ്നേഹം മുഖാന്തരമാണ്.

ഏതൊരു സംഘടനയുടെയും തലയായ ആൾ അതിനു വിശ്വാസ്യതയും അധികാരവും, ശക്തിയും ആ സംഘടനയെ നയിക്കുവാൻ കൈവശമാക്കിയിരിക്കണം. ഇതു ക്രിസ്തുവിനും അവന്റെ സഭയ്ക്കും ബാധകമാണ്. ദൈവപുത്രനായ, ക്രിസ്തു, അവന്റെ കറയറ്റ തികവും അപ്രമേയജ്ഞാനവും, അതുല്യമായ ആത്മാർത്ഥതയും സഭയോടുള്ള സർവ്വ ശക്തിയും തലയായി, അദ്ധ്യക്ഷനായി അവൻ നയിക്കുകയാണ്.

ക്രിസ്തുവിന്റെ സഭയുടെ സ്ഥാപകൻ ക്രിസ്തുവാണ്, ക്രിസ്തുവിന്റെ നാമം ധരിച്ച, ക്രിസ്തുവിനാൽ നയിക്കപ്പെടുന്നു. ക്രിസ്തുവിന്നു അവകാശമുള്ളതെല്ലാം, അവൻ തന്റെ സഭയ്ക്കു നൽകുന്നു;

ഭാവിയിൽ ക്രിസ്തുവിനുള്ളതെല്ലാം, ക്രിസ്തുവിന്റെ സഭക്കുള്ളതാണ്. ഇപ്പോൾ അവൻ സഭയെ വഹിക്കാമെന്നും ഭാവിയിൽ വിശുദ്ധീകരിക്കുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്, “കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏൽപ്പിച്ചു കൊടുത്തു” (എഫെസ്യർ 5:27).

ക്രിസ്തു സഭ പണിതെങ്കിൽ, അവൻ തന്റെ രക്ഷയും സ്നേഹവും സഭയ്ക്കു നൽകുമെങ്കിൽ, മഹത്വമുള്ള നിത്യജീവകിരീടം വാഗ്ദാനംചെയ്തിട്ടുണ്ടെങ്കിൽ, അവന്റെ സഭയിൽ പ്രവേശിക്കാൻ ആഗ്രഹിക്കാത്തവർ ആരാണ്.

ക്രിസ്തു നയിക്കുന്ന സഭയുടെ ഭാഗമായി നിങ്ങൾ തീർന്നിട്ടുണ്ടോ?

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. വാസ്തവത്തിൽ നയിക്കാത്ത നായകത്വത്തിനു ഉദാഹരണം നൽകുക?
2. അധികാരത്തിൽ യേശു സഭയുടെ തലയാകുന്നതു എങ്ങനെ? യേശുവിനു സകല അധികാരവും ഉണ്ടെന്നു കാണിക്കുന്ന വാക്യം ഏത്?
3. എത്രകാലം യേശു സഭയുടെ തലയായി വാഴും? (1 കൊരിന്ത്യർ 15:23–25 നോക്കുക.)
4. യേശു എങ്ങനെ നമ്മുടെ തികവുള്ള രക്ഷകനായി തീർന്നു? (എബ്രായർ 5:8, 9 നോക്കുക.)
5. ക്രിസ്തുവിലേക്കുള്ള പരിവർത്തനം ഈ കാലത്തിൽ നടക്കുന്നു, എന്നാൽ രൂപാന്തരം കാലശേഷം നടക്കുന്നു. രൂപാന്തര നടപടി വിവരിക്കുക. (2 കൊരിന്ത്യർ 3:18 നോക്കുക.)
6. ക്രിസ്തുവിന്നുള്ള നമ്മുടെ ദൈനന്തിന ജീവിതത്തിൽ ക്രിസ്തുവിന്റെ കാൽ കഴുകൽ നമ്മെ എന്തു പഠിപ്പിക്കുന്നു?
7. ഇന്നു ക്രിസ്ത്യാനികൾ എങ്ങനെ “മറ്റുള്ളവരുടെ കാൽ കഴുകുന്നു”?